milma
Ernakulam Regional Co-operative Milk Producers' Union Limited
Kattappana Dairy, Nirmalacity – 685515
Ph: 04868-278244, 278314 Email : ercmpukattappana@gmail.com

# റീ -ടെണ്ടർ 2023-26

**2023-26 കാലയളവിൽ പാൽവിതരണവാഹനങ്ങൾക്കായുള്ള ടെണ്ടറിന്റെ നിബന്ധനകൾ, ടെണ്ടർ രേഖപ്പെടുത്തുന്നതിനായുള്ള ഫോറം, റൂട്ട് ഷെഡ്യൂൾ.**

================================================================================

**ടെണ്ടർ നൽകുന്ന ആളുടെ പേര്** :

**വിലാസം:**

**ഫോൺ നമ്പർ** :

**ഒപ്പ്** :

================================================================================

**ടെണ്ടർ നൽകുന്ന റൂട്ടിന്റെ പേര്** :

milma
Ernakulam Regional Co-operative Milk Producers' Union Limited
Kattappana Dairy, Nirmalacity – 685515
Ph: 04868-278244, 278314 Email : ercmpukattappana@gmail.com

==============================================================================

No.ED/KTP/MKTG/2-T 15-11-2023

## റീ -ടെൻഡർ നോട്ടീസ്

എറണാകുളം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയന്റെ നിർമ്മല സിറ്റിയിലുള്ള കട്ടപ്പന ഡെയറിയുടെ പ്രവർത്തന പരിധിയിൽ വരുന്ന **അടിമാലി റൂട്ടിലേക്ക്** സ്വന്തം ഇൻസുലേറ്റഡ് വാഹനവും ജീവനക്കാരെയും ഉപയോഗിച്ച് 2023-26 കാലയളവിലേയ്ക്ക് പാലും മറ്റു പാലുത്പന്നങ്ങളും കരാറടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിന് സാമ്പത്തിക ഭദ്രതയുള്ള സംരംഭകരിൽ നിന്ന് താഴെ വിവരിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു ടെൻഡർ സംബന്ധിച്ച വിശദവിവരങ്ങൾ ടെൻഡർ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് കട്ടപ്പന ഡെയറിയുടെ മാർക്കറ്റിംഗ് വിഭാഗവുമായി എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയങ്ങളിൽ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക

ഫോൺ : 04868-278314, 9061278314

യൂണിറ്റ് ഹെഡ്,

കട്ടപ്പന ഡെയറി

- ടെൻഡർ ഫോമിൻറെ വില - 200 രൂപയും നികുതിയും
- ലഭിക്കുന്ന സ്ഥലം - കട്ടപ്പന ഡയറി മാർക്കറ്റിംഗ് വിഭാഗം
- തീയതി **– 15/11/2023- 28/11/2023** എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10 AM - 5 PM
- ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **– 29/11/2023** 12 PM വരെ
- ടെൻഡർ തുറക്കുന്ന സ്ഥലം, തീയതി - കട്ടപ്പന ഡെയറി മാർക്കറ്റിംഗ് ബ്ലോക്ക് **29/11/2023** 12.30 PM
- ടെണ്ടറിനോടൊപ്പം നൽകേണ്ട രേഖകൾ - **ആധാർ** കാർഡിന്റെ പകർപ്പ്, PAN കാർഡിന്റെ പകർപ്പ് , സ്വന്തം പേരിലുള്ള വാഹനത്തിന്റെ R.C ബുക്കിന്റെ പകർപ്പ്.

## ടെണ്ടർ നിബന്ധനകൾ

*1*) ടെണ്ടറുകൾ മത്സര അടിസ്ഥാനത്തിൽ ഉള്ളവയായിരിക്കും. ടെണ്ടറുകൾ സീൽ ചെയ്ത കവറുകളിൽ നൽകേണ്ടതാണ്. കരാർ കാലാവധി 3 വർഷം വരെ ആയിരിക്കും. തുടർന്നും ഡയറി നിർദ്ദേശിക്കുന്ന മുറയ്ക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 3 മാസം കൂടി കരാർ എടുക്കുന്ന വ്യക്തി റൂട്ട് നടത്തേണ്ടതാണ് .

*2*) ടെണ്ടർ സംബന്ധിച്ച് കൂടുതൽ അറിയുവാൻ താൽപ്പര്യപ്പെടുന്നവർ, കട്ടപ്പന ഡെയറിയുടെ മാർക്കറ്റിംഗ് വിഭാഗവുമായി താഴെ പറയുന്ന നമ്പറുകളിൽ ഓഫീസ് സമയത്ത് (10 AM-5 PM) ബന്ധപ്പെടാവുന്നതാണ്. നമ്പർ : 04868 278314, 9061278314.

*3*) ടെണ്ടർഫോറം 200/- രൂപയും ആവശ്യമായ നികുതിയും അടച്ച് കട്ടപ്പന ഡെയറിയുടെ മാർക്കറ്റിംഗ് വിഭാഗത്തിൽ നിന്നും 2023 നവംബർ 15-ാം തീയതി മുതൽ 28-ാം തീയതി വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകിട്ട് 5 വരെ വാങ്ങാവുന്നതാണ്.

*4*) ടെണ്ടറുകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി 29/11/2023 12 PM വരെ ആയിരിക്കും. അപൂർണ്ണമായ ടെണ്ടറുകൾ/ വൈകി വരുന്ന ടെണ്ടറുകൾ എന്നിവ നിരസിക്കപ്പെടുന്നതായിരിക്കും.

*5*) ടെണ്ടർ കാലാവധി കഴിയും വരെ ടെണ്ടർ നിരക്കിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല.

*6*) ഓരോ ദിവസവും റൂട്ടിൽ വില്ക്കപ്പെടുന്ന പാൽ ,തൈര് എന്നിവയുടെ ആകെ അളവായിരിക്കും ലിറ്റർ നിരക്കിൽ പരിഗണിക്കുന്നത്.

*7*) ടെണ്ടറുകൾക്കൊപ്പം ഷെഡ്യൂളിൽ നിഷ്ക്കർഷിച്ചിരിക്കുന്ന നിരതദ്രവ്യം ഡെയറിയിൽ അടച്ചതിന്റെ രസീത് ഉണ്ടായിരിക്കണം. കരാർ ലഭിക്കുന്ന പക്ഷം ആവശ്യമെങ്കിൽ പ്രസ്തുത നിരതദ്രവ്യം ടി റൂട്ടിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിലേയ്ക്ക് വകയിരുത്താവുന്നതാണ്. ഓരോ റൂട്ടിലെയും ടെണ്ടർ ഉറപ്പിച്ച് കരാർ നടപടികൾ പൂർത്തിയായശേഷം മാത്രം കരാർ ലഭിക്കാത്തവർക്ക് ടി റൂട്ടിലെ നിരതദ്രവ്യം മടക്കി നൽകുകയുള്ളൂ. (ചുരുങ്ങിയത് 2 മാസം കഴിഞ്ഞ്)

*8*) ടെണ്ടറുകൾ 2023 നവംബർ 29-ാം തീയതി കട്ടപ്പന ഡയറി ഓഫീസിൽ 12.30 PM മുതൽ, തൽസമയം സന്നിഹിതരായിരിക്കുന്ന ടെണ്ടർ നൽകിയവർ/ അവരുടെ പ്രതിനിധികൾ (സാക്ഷ്യപത്രം സഹിതം) എന്നിവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും.

*9*) ടെണ്ടർ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും യൂണിയൻ മാനേജിംങ് ഡയറക്ടറുടേതോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഡെയറി മാനേജറുടേയോ ആയിരിക്കും. ടെണ്ടർ നിരക്കു കൂടാതെ ടെണ്ടർ നൽകിയ വ്യക്തിയുടെ മുൻകാല പരിചയം, സേവന തൽപ്പരത, വിശ്വാസ്യത, പ്രാഗൽഭ്യം എന്നിവ കൂടി കണക്കിലെടുക്കുന്നതായിരിക്കും തീരുമാനം. യാതൊരു കാരണവും കൂടാതെ ടെണ്ടറുകൾ നിരസിക്കുന്നതിനും നെഗോഷിയേറ്റ് ചെയ്ത് അംഗീകരിക്കുന്നതിനും, ഡെയറി മാനേജർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതുകൊണ്ടു മാത്രം ടെണ്ടർ ഉറപ്പിച്ച് നൽകണമെന്ന് ഇല്ല.

*10*) ടെണ്ടർ ഉറപ്പിച്ച് നൽകുന്ന വ്യക്തിയ്ക്ക് റൂട്ട് അനുവദിച്ച നിയമന ഉത്തരവ് നൽകുന്നതും, പ്രസ്തുത ഉത്തരവ് കൈപ്പറ്റി എന്നതിന്റെ തെളിവിലേയ്ക്ക് ഒരു കോപ്പി ഒപ്പിട്ട് ഡെയറിയിൽ തിരികെ ഏൽപ്പിക്കേണ്ടതുമാകുന്നു. നിയമന ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന തീയതിയ്ക്ക് മുമ്പായി പ്രസ്തുത റൂട്ടിൽ സെക്യൂരിറ്റി തുക നൽകി, 200/- രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ ഡെയറിയുമായി കരാറിൽ ഏർപ്പെടേണ്ടുമാകുന്നു. മുദ്രപത്രത്തിന്റെ വിലയും ടൈപ്പിംഗ് ചാർജ്ജും കരാറുകാരൻ വഹിക്കേണ്ടതാകുന്നു. നിയമന ഉത്തരവിൽ പറഞ്ഞിരിക്കുന്ന തീയതിയ്ക്ക് മുൻപായി സെക്യൂരിറ്റി തുക നൽകി കരാറിൽ ഏർപ്പെടാത്ത പക്ഷം ടി വ്യക്തിയുടെ ടെണ്ടർ അസാധുവാകുന്നതും തദ്വാര, ടെണ്ടർ തുടർനടപടി ക്രമപ്രകാരം പ്രസ്തുത വ്യക്തിയുടെ നിരതദ്രവ്യം ഡെയറിയിലേയ്ക്ക് കണ്ടുകെട്ടുന്നതുമായിരിക്കും. ടെണ്ടർ നിബന്ധനകളും, നിയമന ഉത്തരവിന്റെ നിബന്ധനകളും കരാറിന്റെ ഭാഗം ആയിരിക്കും.

ടെണ്ടറർ പേര് : ഒപ്പ് :

*11*) സെക്യൂരിറ്റി തുക, ഏതെങ്കിലും പൊതുമേഖലാ/ ഷെഡ്യൂൾഡ് ബാങ്ക, ജില്ലാ സഹകരണ ബാങ്ക് എന്നിവയിൽ നിന്ന് എടുക്കുന്ന ബാങ്ക് ഗ്യാരണ്ടി/ഡയറിയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടച്ച തിന്റെ രസീത്/ കരാറുകാരന്റെ സ്വന്തം പേരിൽ മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ബാങ്കിൽ നൽകിയിട്ടുളള സ്ഥിരനിക്ഷേപത്തിന്റെ രസീത് ഡയറി മാനേജരുടെ പേരിൽ ക്രയവിക്രയ അധി കാരം സാക്ഷ്യപ്പെടുത്തിയതായോ ആയി നൽകാവുന്നതാണ്. ഓരോ റൂട്ടിലും നൽകുന്ന സെക്യൂ രിറ്റി ഡെപ്പോസിറ്റിന് കരാർ കാലാവധി കഴിഞ്ഞ് മൂന്നുമാസം കൂടി കാലാവധി ഉണ്ടായിരിക്കേണ്ട താണ്.

*12*) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച കരാറുകാർ, കരാർ കാലാവധി പൂർത്തിയാകാതെ, ഡെയറിയുടെതല്ലാത്ത കാരണങ്ങളാൽ, പാൽ വിതരണത്തിൽ വീഴ്ച വരുത്തി യാൽ, പ്രസ്തുത റൂട്ടിൽ പുതിയ ടെണ്ടർ വിളിക്കുന്നതോ, നിലവിൽ ടെണ്ടർ ലിസ്റ്റിൽപ്പെട്ട അടുത്ത നിരക്കുകാരെ നെഗോഷിയേറ്റ് ചെയ്ത് റൂട്ട് ഏൽപ്പിക്കുന്നതോ ഡെയറിയുടെ വിവേചന അധികാരം ആയിരിക്കും. പ്രസ്തുത നടപടിക്രമങ്ങൾ മൂലം ഡെയറിയ്ക്ക് ഉണ്ടാകുന്ന അധികചിലവ് മുൻകൂർ നോട്ടീസ് കാലാവധിയായ 3 മാസം വരെ വീഴ്ച വരുത്തിയ കരാറുകാരന്റെ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതും ഭാവിയിൽ വരുന്ന ടെണ്ടറുകൾക്ക് വീഴ്ച വരുത്തിയ കരാറുകാരെ അയോഗ്യരാക്കുന്നതുമായിരിക്കും.

*13*) സെക്യൂരിറ്റി തുക കരാർ കാലാവധി അവസാനിച്ച് മൂന്നു മാസത്തിനുശേഷം കരാറുകാരന് ഡെയറിയുമായി ഒരു ബാധ്യതയും ഇല്ല എന്ന് ഉറപ്പു വരുത്തിയതിനുശേഷം മാത്രം തിരികെ നൽകുന്നതായിരിക്കും. ബാധ്യതകൾ ട്രാൻസ്പോർട്ടേഷൻ ബില്ല്/സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

*14*) പാൽ വിതരണ കരാറിൽ ഏർപ്പെടുന്ന കോൺട്രാക്ടർമാർ എറണാകുളം മേഖലാ യൂണിയ നിൽ 90/- രൂപയുടെ നാമമാത്ര അംഗത്വം എടുക്കേണ്ടതാകുന്നു. മുൻപ് അംഗത്വം എടുത്തിട്ടുളള വർ പ്രസ്തുത രസീതിന്റെ കോപ്പി സമർപ്പിച്ചാൽ വീണ്ടും അംഗത്വം എടുക്കേണ്ടതില്ല.

15) പാൽ, തൈര് എന്നിവയുടെ അളവ് ഒന്നിച്ച് ഒരു ലിറ്ററിന് പ്രതീക്ഷിക്കുന്ന നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.

*16*) പാൽവിതരണകരാറിന്റെ പ്രതിമാസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് മാസ ബില്ലിന്റെ അടിസ്ഥാന ത്തിൽ കരാറുകാരന് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതായിരിക്കും. നിരതദ്രവ്യം മറ്റ് പണ ഇടപാടുകൾ ഇവ ചെക്ക് ആയി മാത്രം നൽകുന്നതായിരിക്കും.

*17*) റൂട്ട് കരാർ ഒരു കാരണവശാലും കൈമാറ്റം ചെയ്യുവാൻ അനുവദിക്കുന്നതല്ല. എന്നാൽ കരാറു കാരൻ സ്വന്തം ആവശ്യപ്രകാരം മറ്റൊരാളെ കണ്ടെത്തി നിലവിലെ തന്റെ റൂട്ട് കരാർ അതേ വ്യവ സ്ഥകളോടെ ഉഭയസമ്മതപ്രകാരം ട്രാൻസ്ഫർ ചെയ്ത് കൊടുക്കുവാൻ അപേക്ഷ നൽകുന്ന മുറയ്ക്ക് പുതുതായി വരുന്ന ആളുടെ കഴിവ് വിലയിരുത്തി തൃപ്തികരം എങ്കിൽ മാത്രം ട്രാൻസ്ഫർ ഫീസായ 5,000/- രൂപ അടച്ചതിനു ശേഷം ട്രാൻസ്ഫർ അനുവദിക്കുന്നതായിരിക്കും.

*18*) റൂട്ട് ഷെഡ്യൂളിൽ കാണിച്ചിക്കുന്ന കിലോമീറ്റർ 10% വരെ ഏറ്റകുറച്ചിലുകൾ വരാവുന്നതായി രിക്കും

*19*) കരാറുകാരൻ വാഹനത്തിന് ആവശ്യമായ FSSAI ലൈസൻസും, GST രജിസ്ട്രേഷനും നിർബ ന്ധമായും എടുക്കേണ്ടതാണ്. വിതരണ വാഹനത്തിൽ "On contract with Milma, Kattappana Dairy, ERCMPU Ltd" എന്ന ബോർഡ് വെക്കേണ്ടതാണ്.

*20*) കരാറുകാരൻ തന്റെ ജീവനക്കാരുടെ FSSAI അംഗീകൃത മെഡിക്കൽ പരിശോധന സർട്ടിഫിക്ക റ്റുകൾ സമയാസമയങ്ങളിൽ ഹാജരാക്കേണ്ടതാണ്.

*21*) പാൽ വിതരണത്തിന് നിയോഗിക്കപ്പെടുന്ന കരാറുകാരന്റെ ജീവനക്കാർ സംക്രമികരോഗങ്ങൾ ഇല്ലാത്തവരാണെന്ന് കരാറുകാരൻ ഉറപ്പുവരുത്തേണ്ടതുമാണ്. കരാറുകാരന്റെ കീഴിൽ ജോലിചെ യ്യുന്ന മുഴുവൻ തൊഴിലാളികളുടേയും സർക്കാർ ഏജൻസി നല്കിയിട്ടുളള ഒരു ഫോട്ടോ ഐഡന്റിറ്റി കാർഡിന്റെ പകർപ്പും ടിയാന്റെ നിയമന ഉത്തരവിന്റെ പകർപ്പും ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ ഡെയറിക്ക് നല്കേണ്ടതുമാണ്.

**ടെണ്ടറർ പേര് :** ഒപ്പ് :

*22)* കൂടാതെ വാഹനത്തിനും വാഹന ഡ്രൈവർക്കും നിയമാനുസൃതം ആവശ്യമുള്ള രേഖകൾ പൂർണ്ണമായും ശരിയായും ഉണ്ടെന്ന് റൂട്ട് എടുത്ത കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്. റൂട്ട് വണ്ടികളുടെ റോഡ് ടാക്സ്, ഇൻഷ്വറൻസ്, ആർ.സി ബുക്കിന്റെ കോപ്പി, ലൈസൻസിന്റെ കോപ്പി എന്നിവ കരാറിനൊപ്പം നൽകേണ്ടതും അവ പുതുക്കുന്ന തീയതിയും പുതുക്കിയശേഷം കോപ്പിയും ഡെയറിയിൽ സമർപ്പിക്കേണ്ടതാകുന്നു. വണ്ടി മാറുന്ന പക്ഷം പുതിയ വണ്ടിയുടെ വിവരങ്ങൾ ഉടൻ നൽകണം. ടാക്സ് ഇൻഷ്വറൻസ് എന്നിവ പുതുക്കാതെ വന്നാൽ ഗതാഗത വകുപ്പിനെ അറിയിക്കുവാൻ ഡെയറി ബാദ്ധ്യസ്ഥമാണ്.

*23)* ഡിസ്ട്രിബ്യൂട്ടർ/റീ-ഡിസ്ട്രിബ്യൂട്ടർ എന്നീ കരാറുകാർ തങ്ങളുടെ വാഹനങ്ങൾക്കും വാഹന ജീവനക്കാർക്കും നിയമാനുസരണം എടുക്കേണ്ടതായ മുഴുവൻ ബാധ്യതയും ഉൾക്കൊള്ളുന്ന ഇൻഷുറൻസ് പരിരക്ഷ സ്വന്തം നിലയിൽ നിർബന്ധമായും എടുക്കേണ്ടതാണ്.

*24)* പാൽ വിതരണ വാഹനങ്ങളുടെ കരാർ ഏറ്റെടുക്കുന്ന കരാറുകാരൻ റൂട്ടിൽ ഉപയോഗിക്കുന്ന വാഹനം ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ളതാണെന്നും പൂർണ്ണമായും പ്രവർത്തന സജ്ജമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്. കരാറുകാരൻ റോഡ് നിയമങ്ങൾ പാലിക്കേണ്ടതും, വാഹന വേഗത നിയന്ത്രണം പാലിക്കേണ്ടതുമാണ്. ഡെയറി നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥരും,ഡ്യൂട്ടിയിലുള്ള വാഹന ജീവനക്കാരും അല്ലാതെ മറ്റ് ആരെയും ഒരു കാരണവശാലും പാൽ വിതരണ സമയത്ത് വാഹനത്തിൽ കയറ്റുവാൻ പാടുള്ളതല്ല. ഇത് ഉൾപ്പെടെ ഡെയറിയുടെ പൊതുവായ മറ്റ് നിയമങ്ങൾ ലംഘിക്കുന്നപക്ഷം വാഹനജീവനക്കാരനെ പുറത്താക്കുവാൻ നിർദ്ദേശിക്കുകയോ / പിഴയായി ഉചിതമായ തുക ഈടാക്കുകയോ ചെയ്യുന്നതായിരിക്കും.

*25)* വാഹനം നല്ല കണ്ടീഷനിൽ ഉള്ളതും 01.01.2018 ന് ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയിരിക്കണം. കൂടാതെ പ്രസ്തുത വാഹനങ്ങൾ ***ശരിയായ രീതിയിൽ ഇൻസുലേറ്റ് ചെയ്തതായിരിക്കണം*** (2 ഇഞ്ച് കനത്തിൽ പഫ് /തെർമോക്കോൾ ഉപയോഗിച്ച്). ഏതെങ്കിലും കാരണവശാൽ വാഹനം ബ്രേക്ക് ഡൗൺ ആവുകയാണെങ്കിൽ പരമാവധി ഒരു മണിക്കൂറിനുള്ളിൽ (ടയർ പഞ്ചർ അരമണിക്കൂർ) റിപ്പയർ ചെയ്ത് ശരിയാക്കുകയോ പകരം വാഹനം സപ്ലൈയ്ക്ക് നിയോഗിക്കുയോ ചെയ്യേണ്ടതാണ്. മേൽ കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിൽ വീഴ്ച വരുത്തുന്ന കരാറുകാരനിൽ നിന്നും ഡിസ്ട്രിബ്യൂഷൻ ചാർജിൽ 10% വരെ പിഴയായി കുറവ് ചെയ്യാവുന്നതുമാണ്.

*26)* ആവശ്യമെങ്കിൽ മറ്റ് റൂട്ടുകളുടെ അധിക ട്രേ ഡെയറി നിർദ്ദേശിക്കുന്ന ഡിസ്ട്രിബ്യൂഷൻ പോയിന്റിൽ കരാറുകാരൻ തന്റെ ഉത്തരവാദിത്വത്തിൽ എത്തിച്ചുകൊടുക്കേണ്ടതാണ്.

*27)* റൂട്ടുകളുടെ പ്രവർത്തന മേഖലയ്ക്ക് മാറ്റം വരുത്തി ആവശ്യമെങ്കിൽ റൂട്ടുകൾ പുന:ക്രമീകരിക്കുന്നതുനുള്ള പരിപൂർണ്ണ അവകാശം ഡെയറിക്ക് ഉണ്ടായിരിക്കും.

*28)* റൂട്ടിൽ ഡീലർമാരിൽ നിന്നുള്ള ലീക്കിന്റെ പരാതി പരിഹരിക്കുന്നതിനായി റൂട്ടിലെ മൊത്തം പാൽ പായ്ക്കറ്റിന്റെ 0.2% ഡിസ്ട്രിബ്യൂട്ടർക്ക് നൽകുന്നതാണ്.

*29)* റൂട്ടിലെ ട്രേ/ക്യാനിന്റെ ഉത്തരവാദിത്വം പൂർണ്ണമായും പാൽവിതരണ കരാർ എടുത്ത ഡിസ്ട്രിബ്യൂട്ടറുടെതായിരിക്കും. റൂട്ട് ആരംഭിക്കുന്ന ഒരു ദിവസം (AM/PM സപ്ലൈ) റൂട്ടിൽ വരുന്ന tray പാൽ വിതരണ കരാർ എടുത്തയാളുടെ സ്റ്റോക്ക് ആയി കണക്കാക്കുന്നതാണ്. പിന്നീട് ഓരോ ഷിഫ്റ്റിലും അയക്കുന്ന ട്രേ കൃത്യമായി തിരികെ കൊണ്ടുവരേണ്ടതാണ്. കുറവ് കൊണ്ടുവരുന്ന ട്രേയുടെ വില കോൺട്രാക്ടരുടെ പ്രതിമാസ ട്രാൻസേപോർട്ടേഷൻ ബില്ലിൽ നിന്നും ഈടാക്കുന്നതാണ്. റൂട്ടിലെ വില്പന വർദ്ധിക്കുന്നതിനനുസരിച്ച് റീ ഡിസ്ട്രിബ്യൂട്ടർ അധികം ട്രേ സ്റ്റോക്കിൽ വയ്ക്കുന്നതിന് സെക്യൂരിറ്റി തുകയ്ക്ക് വിധേയമായി ഡയറി അനുമതി നൽകുന്നതാണ്. റൂട്ടിന്റെ കാലവധി തീരുമ്പോൾ സ്റ്റോക്കിലുള്ള ട്രേ/ക്യാൻ തിരികെ ഡെയറിയെ ഏൽപ്പിക്കേണ്ടതാണ്. തിരികെ ഏൽപ്പിക്കേണ്ടതിൽ കുറവു വരുത്തിയ ട്രേ/ക്യാനിന്റെ വില കരാറുകാരന്റെ ട്രാൻസ്പോർട്ടേഷൻ ബിൽ/സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.

ടെണ്ടറർ പേര് : ഒപ്പ് :

*30)* 365 ദിവസവും മുടക്കമില്ലാതെ പാൽ വിതരണം നടത്തേണ്ടതാണ്. ഹർത്താൽ/പൊതുപണിമുടക്ക് /മറ്റ് ആവശ്യമായ ദിവസങ്ങളിൽ പാൽ വിതരണറൂട്ടുകളുടെ ലോഡിംഗ് സമയം പുന:ക്രമീകരിച്ച് അറിയിക്കുന്നതാണ്. ആയത് കണക്കാക്കി വാഹനങ്ങൾ ലോഡിംഗിന് എത്തേണ്ടതാണ്. ഹർത്താൽ ദിവസങ്ങളിൽ ലോഡിംഗിന് എത്താത്ത വാഹന കരാറുകാരനിൽ നിന്നും സാഹചര്യങ്ങൾ കണക്കിലെടുത്ത് ഡെയറി നിശ്ചയിക്കുന്ന പിഴ ഈടാക്കാവുന്നതാണ്. ഹർത്താൽ ദിവസങ്ങളിൽ തിരികെ വരുന്ന പാൽ ഡെയറി സ്വീകരിക്കുന്നതാണ്.

*31)* പ്രത്യേക സാഹചര്യത്തിൽ നിശ്ചിതലോഡ് കയറാത്ത വാഹനം കരാറുകാരൻ ലോഡിംഗിന് ഹാജരാക്കിയാൽ, അഡീഷണലായി മറ്റൊരുവാഹനം കൂടി ഉപയോഗപ്പെടുത്തി/അല്ലെങ്കിൽ അഡീഷണൽ ട്രിപ്പ് ഓടിച്ച് ഡെയറി നിശ്ചയിച്ച് നൽകിയിട്ടുള്ള സമയത്തിനുള്ളിൽ കരാറുകാരൻ പാൽ വിതരണം പൂർണ്ണമായും പൂർത്തിയാക്കേണ്ടതാണ്.

*32)* വിൽപ്പന വർദ്ധിക്കുന്ന പക്ഷം അഡീഷണൽ ട്രിപ്പ് ഓടിയോ, വാഹനത്തിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ചോ വിൽപ്പന തടസമില്ലാതെ നടത്തേണ്ടതാണ്. ശരാശരി ലിറ്റർ നൽകിയിരിക്കുന്നത് പാൽ, തൈര് ഇവയുടെ വിൽപന കണക്കാക്കിയാണ്.

*33)* പാൽ വിതരണ വാഹനത്തിൽ മിൽമയുടെ പാലും പാലുല്പന്നങ്ങളുമല്ലാതെ മറ്റ് യാതൊരു സാധനങ്ങളും ഡെയറിയുടെ അനുമതിയില്ലാതെ കയറ്റുവാൻ പാടില്ല. പാൽവിതരണ വാഹനം ഇടവേളകളിൽ ഡെയറിയുടെ തല്ലാത്ത മറ്റ് ഓട്ടങ്ങൽക്ക് ഉപയോഗിക്കാൻ പാടില്ല.

*34)* മിൽമയുടെതല്ലാത്ത യാതൊരു പരസ്യങ്ങളും പാൽ വിതരണ വാഹനങ്ങളിൽ ഉണ്ടായിരിക്കുവാൻ പാടില്ല. മിൽമയുടെ പരസ്യം ഡെയറി നിർദ്ദേശിച്ച് 45 ദിവസത്തിനകം വാഹനങ്ങളിൽ പതിച്ച് ബന്ധപ്പെട്ട വകുപ്പിൽ ആവശ്യമായ നികുതികൾ അടച്ച് രേഖകളുടെ കോപ്പികൾ ഡെയറിയ്ക്ക് നൽകേണ്ടതാണ്. പരസ്യം പതിക്കുന്നതിനും നികുതി അടയ്ക്കുന്നതിനുമുള്ള ചിലവുകൾ ഡെയറി വഹിക്കുന്നതാണ്. ഇതിൽ വീഴ്ച വരുത്തുന്ന റൂട്ടുകളിൽ നിന്നും സാഹചര്യങ്ങൾ കണക്കിലെടുത്ത് ഡെയറി നിശ്ചയിക്കുന്ന തുക പിഴ ഈടാക്കുന്നതാണ്. ഡെയറിയുടെ അനുമതിയില്ലാതെ പരസ്യം നീക്കം ചെയ്താൽ അതിന് ചിലവായ തുക ഡെയറി പിഴയായി ഈടാക്കുന്നതാണ്.

*35)* ഏത് റൂട്ടും AM & PM സപ്ലൈ എന്നുള്ളത് AM സപ്ലൈയിൽ 2 Trip മാത്രമായോ PM സപ്ലൈയിൽ മാത്രമായോ (മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ലാതെ) ആക്കി മാറ്റാവുന്നതാണ്.കോൺട്രാ ക്ടറും മിൽമയും തമ്മിൽ വരുന്ന അഭിപ്രായ വ്യത്യാസങ്ങളിൽ ഡെയറിയുടെ തീരുമാനം അന്തിമവും കോൺട്രാക്ടർ അത് അംഗീകരിക്കേണ്ടതുമാകുന്നു. വാഹന ജീവനക്കരന്റെ പെരുമാറ്റദൂഷ്യം, ശാഠ്യം, ഉപഭോക്ത സേവന തൽപരത കുറവ് എന്നിവമൂലം സെയിൽ വോളിയത്തിന് കുറവ് വന്നാൽ ഡെയറി ഉചിതമായ നടപടിക്രമപ്രകാരം റൂട്ട് നോട്ടീസ് നൽകി റദ്ദ് ചെയ്ത് പുതിയ ടെണ്ടർ ക്ഷണിക്കുകയോ, വാഹന ജീവനക്കാരനെ മാറ്റുവാൻ ആവശ്യപ്പെടുകയോ ചെയ്യുന്നതായിരിക്കും. പ്രസ്തുത റൂട്ടിലെ അളവ്/തുക ഉറപ്പുനൽകുന്നതിൽ ഡെയറിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

*36)* കരാറുകാരൻ ഏറ്റെടുക്കുന്ന റൂട്ട് യാതൊരു വീഴ്ചയും വരാതെ കരാർ കാലവധി പൂർത്തിയാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ഉണ്ടാകുന്ന എല്ലാ നഷ്ടവും കരാറുകാരനിൽ നിന്ന് ഡെയറി ഈടാക്കുന്നതാണ്. കരാറുകാരന് തന്റെ റൂട്ട് നടത്തി ക്കൊണ്ട് പോകാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ആയത് ഡെയറിക്ക ് ബോദ്ധ്യപ്പെടുന്ന പക്ഷം മൂന്ന് 3 മാസത്തെ മുൻകൂർ നോട്ടീസ് നൽകി റൂട്ട് ഒഴിവാക്കാവുന്നതാണ്.

*37)* അതാതു മാസത്തെ ട്രാൻസ്പോർട്ടേഷൻ ബില്ലുകൾ യഥാവിധി തയ്യാറാക്കി ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ സഹിതം അടുത്ത മാസം 2–ാം തീയതിക്ക് മുൻപ് നൽകേണ്ടതാണ്. ട്രാൻസ്പോർട്ടേഷൻ ബില്ലുകൾ/ വാഹന ജീവനക്കാരുടെ വേതന സംബന്ധമായ സ്റ്റേറ്റ്മെന്റുകൾ (ESI, PF, wage register) ഇവ താമസിച്ച് സമർപ്പിക്കുന്നതുമൂലം പിഴയായി ഈടാക്കുന്ന തുകയ്ക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.

ടെണ്ടറർ പേര് : ഒപ്പ് :

*38)* പാൽ വിതരണ വാഹനങ്ങൾക്കും, കോൺട്രാക്ടർക്കും സ്ഥിരമായി പ്രവർത്തന സജ്ജമായ, മൊബൈൽഫോൺ നമ്പർ ഉണ്ടായിരിക്കേണ്ടതാണ്.

*39)* മെയിൻ ഡിസ്റിബ്യൂട്ടർ റീ-ഡിസ്റിബ്യൂട്ടർക്കു പാൽ നൽകുമ്പോൾ തന്നെ പാൽ വില ട്രേ എന്നിവ മെയിൻ വാഹനത്തിലെ ജീവനക്കാരൻ കൈപറ്റി ഡയറിയിൽ നൽകേണ്ടതും ഇരു കൂട്ടരും പരസ്പരം രെജിസ്റ്ററിൽ ഒപ്പിട്ടു സൂക്ഷിക്കേണ്ടതും ആണ്.

*40)* ഡെയറി നിശ്ചയിച്ചു നൽകുന്ന ലോഡിംഗ്/ അൺലോഡിംഗ് സമയക്രമം പാൽ വിതരണ വാഹനങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന റൂട്ടുകളിൽ നിന്നും സാഹചര്യങ്ങൾ കണക്കിലെടുത്ത് ഡെയറി നിശ്ചയിക്കുന്ന പിഴ ഈടാക്കാവുന്നതാണ്.

*41)* ഡീലർമാരുടെ അടുത്ത ദിവസത്തേക്കുള്ള പാലിന്റെ ഓർഡർ വാഹന ജീവനക്കാർ ഡീലറോട് ചോദിച്ച് ഡെസ്പാച്ച് ഷീറ്റിൽ എഴുതുകയോ, ഡീലർമാരെകൊണ്ട് എഴുതിവാങ്ങുകയോ ചെയ്യേണ്ടതാണ്. ക്രെഡിറ്റ് സ്ഥാപനങ്ങളുടെ പാൽ നൽകി ഡെസ്പാച്ച് ഷീറ്റിൽ ഉത്തരവാദിത്വപ്പെട്ട സ്ഥാപനത്തിന്റെ സീൽ/ഒപ്പ് വാങ്ങേണ്ടതാണ്. ഒപ്പിട്ടുവാങ്ങാത്ത പക്ഷം പാൽ ലഭ്യത സംബന്ധിച്ച് സ്ഥാപനം നൽകുന്ന പരാതികൾക്ക് ഡെയറി പരിഗണന നൽകുന്നതാണ്.

*42)* ടെണ്ടറിനൊപ്പം 01.01.2018 നു ശേഷമാണ് വാഹനം നിർമ്മിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് തെളിയിക്കുന്നതിന് RC ബുക്കിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് വെയ്ക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ റൂട്ടിൽ ടെണ്ടർ നൽകുന്നവർക്ക് ഒരേ വാഹനത്തിന്റെ *RC* ബുക്കിന്റെ കോപ്പി (MakeRegistration) മറ്റ് ടെണ്ടറിനും ഉപയോഗിക്കാവുന്നതാണ്. അപേക്ഷകന്റെ പേരിലുള്ള RC ബുക്കിന്റെ പകർപ്പ് ഇല്ലാത്ത ടെൻഡറുകൾ നിരസിയ്ക്കുന്നതാണ്.

*43)* കരാറുകാരന്റെ ജീവനക്കാർക്ക് ഗവൺമെന്റ് വ്യവസ്ഥ ചെയ്തിട്ടുള്ള തൊഴിൽനിയമങ്ങൾ പൂർണ്ണമായി ബാധകമായിരിക്കുന്നതും, അവ മുടക്കം കൂടാതെ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതുമാണ്. പാൽ വിതരണ കോൺട്രാക്ട് ഏറ്റെടുക്കുന്ന കരാറുകാരൻ സ്വന്തം നിലയിൽ E.S.I/E.P.F നിയമങ്ങൾ അനുശാസിക്കുംവിധം രജിസ്ട്രേഷൻ എടുക്കേണ്ടതും ആയതുപ്രകാരം തൊഴിലാളി – തൊഴിലുടമ വിഹിതാംശം E.S.I/E.P.F കൃത്യമായി അടക്കേണ്ടതുമാണ്. കൂടാതെ E.S.I/E.P.F അടച്ചതിൻറെ രേഖകൾ ബില്ലിനോടൊപ്പം ഡെയറിയിൽ ഹാജരാക്കേണ്ടതാണ്.

*44)* വിതരണക്കാർ വിതരണം നടത്തുന്ന റൂട്ടിലെ എല്ലാ ഡീലർമാരുടെയും ഫോൺ നമ്പർ ഉൾപ്പെടുന്ന വിവരങ്ങൾ മിൽമ നൽകുന്ന ഫോർമാറ്റിൽ എല്ലാ 3 മാസവും പുതുക്കി നൽകേണ്ടതാണ്.

*45)* കോൺട്രാക്ട് ലഭിക്കുന്ന റൂട്ടിലെ പാൽ വിൽപ്പനയുടെ 15% വരെ എങ്കിലും തൈരിന്റെ വിൽപ്പന ഉറപ്പുവരുത്തേണ്ടത് കോൺട്രാക്ടറാരുടെ ഉത്തരവാദിത്വമാണ്. പ്രസ്തുത ടാർഗെറ്റും റൂട്ട് കോൺട്രാക്റ്റും സംബന്ധിച്ചുള്ള എല്ലാ വിധ തീരുമാനങ്ങളും കൈക്കൊള്ളാൻ ഉള്ള അധികാരം കട്ടപ്പന ഡയറി യൂണിറ്റ് ഹെഡ്ഡിന് ഉണ്ടായിരിക്കുന്നത്താണ്. നിലവിലെ തൈരിന്റെ വിൽപ്പന ശതമാനം താഴെ ചേർക്കുന്നു.

| | |
|---|---|
| അടിമാലി | 10% |

ടെണ്ടറർ പേര് : ഒപ്പ് :

## *റൂട്ട് സംബന്ധിച്ച വിവരങ്ങൾ (റൂട്ട് ഷെഡ്യൂൾ)*

| റൂട്ട് & EMD | ഒരു ദിവസം ഓടുന്ന ഏകദേശ ദൂരം | സപ്ലൈ സമയം | അടിസ്ഥാന അളവ് | Tender Fees | വാഹനത്തിൽ ഒരു AM or PM Supply കയറേണ്ട ലോഡ് | ആവശ്യമായ ബാങ്ക് ഗാരന്റി /സെക്യൂരിറ്റി തുക | നിരക്ക് നൽകേണ്ടത്. |
|---|---|---|---|---|---|---|---|
| **അടിമാലി** Rs.3,000/- | AM-75 കി.മീ | 4 A.M | 850 litrs | 200/-രൂപ | 150 tray | 1,25,000/-രൂപ | ലിറ്റർ നിരക്ക് |

ഓരോ റൂട്ടിനോടും ചേർന്ന് ആ റൂട്ടിന്റെ പ്രവർത്തന മേഖലയുടെ വിവരങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലല്ലാതെ മറ്റു റൂട്ടുകളിലെ പ്രദേശങ്ങളിൽ യാതൊരു കാരണവശാലും പാൽ വിതരണം നടത്തുവാൻ പാടില്ല. അപ്രകാരം ചെയ്യുന്നത് ഡെയറിയുമായുള്ള എഗ്രിമെന്റിന് വിരുദ്ധമായതിനാൽ കോൺട്രാക്ട് ക്യാൻസൽ ചെയ്യുന്ന തടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## *റൂട്ടിന്റെ പ്രവർത്തന മേഖല*

**അടിമാലി :** അടിമാലി, 200ഏക്കർ, കൂമൻപാറ, ചാറ്റുപാറ, മന്നംകാല, ഇരുമ്പുപാലം

ടെണ്ടറർ പേര് :

ഒപ്പ് :

# <u>ടെണ്ടർ നൽകുന്ന ആളുടെ സാക്ഷ്യപത്രം</u>

സർ,

2023-26 കാലയളവിലേക്കുള്ള പാൽവിതരണ വാഹന ടെണ്ടറിന്റെ എല്ലാ നിബന്ധനകളും ഞാൻ നന്നായി മനസ്സിലാക്കുകയും അതിൻറെ അടിസ്ഥാനത്തിൽ **..............................** റൂട്ടിലേയ്ക്ക് ആവശ്യമായ വാഹന ടെൻഡർ നിരക്ക് രേഖപ്പെടുത്തി ഏല്പിച്ചിരിക്കുന്നു. ഈ റൂട്ട് ഡെയറിയുടെ എല്ലാ നിബന്ധനകൾക്കും വിധേയമായി ടെൻഡർ കാലാവധി കഴിയും വരെ നടത്തിക്കൊണ്ടു പോകുവാൻ ഉള്ള സാമ്പത്തികഭദ്രത എനിയ്ക്ക് ഉണ്ടെന്ന് ഉറപ്പു നൽകുന്നു.

**.......................................**റൂട്ടിലെ ടെൻഡറിന് ആവശ്യമായ നിരതദ്രവ്യം Rs 3000/- ഞാൻ ക്യാഷ്/D.D ആയി (D.D നമ്പർ ......................................................തീയതി..............................) ഇതിനോടൊപ്പം ചേർത്തിരിക്കുന്നു.

തീയതി :

എന്ന്,

...............................................................................

...............................................................................

...............................................................................

...............................................................................

Eranakulam Regional Co - operative Milk Producers Union Limited
Kattappana Dairy, Nirmalacity - 685515
PH :04868 -278244, 278314 Email : ercmpukattappana @gmail.com

# ടെണ്ടർ ഫോം

1. നിരക്ക് നൽകുന്ന റൂട്ടിന്റെ പേര് :
2. അടച്ച നിരത ദ്രവ്യം (തുക) :
3. രസീത് നമ്പർ :
4. ഉപയോഗിയ്ക്കാൻ പോകുന്ന വാഹനത്തിന്റെ
   കപ്പാസിറ്റി :
   മോഡൽ :
5. മേൽമൂടി സംബന്ധിച്ച വിവരം : ഇൻസുലേറ്റഡ് ☐
6. നൽകുന്ന നിരക്ക് : ______രൂപ _______പൈസ/ലിറ്റർ
7. നിരക്ക് അക്ഷരത്തിൽ :

കട്ടപ്പന ഡെയറിയിൽ നിന്നുള്ള ED/KTP/MKTG/2-T നമ്പർ ടെണ്ടർ നോട്ടീസ് Dated 15/11/2023 വായിച്ച് മനസിലാക്കിയിട്ടുള്ളതാണ്. ഇതിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് പാൽ വിതരണം നടത്തിക്കൊള്ളാ മെന്ന് ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

- ടെണ്ടർ ഫോം പൂരിപ്പിച്ച് നൽകുന്ന കവറിന് മുകളിൽ റൂട്ട് ഏതാണെന്ന് വ്യക്തമാക്കി യിരിക്കണം.
- ടെണ്ടർ സമർപ്പിയ്ക്കുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെയും, പാൻ കാർഡിന്റെയും പകർപ്പ് നൽകേണ്ടതാണ്.

ഒപ്പ് :
ടെണ്ടറർ പേര് :
വിലാസം :

ഫോൺ നമ്പർ :

സ്ഥലം :
തീയതി :